# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4200** **17/05/2017-ൽ മറുപടിക്ക്**

**എൽ.ഡി.സി., വി.ഇ.ഒ. തസ്തികകളുടെ ആലപ്പുഴ ജില്ലാതല പി.എസ്.സി ലിസ്റ്റ്**

**ചോദ്യം**

ശ്രീ. എ.എം.ആരിഫ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | എൽ.ഡി.സി., വി.ഇ.ഒ. തസ്തികകളുടെ ആലപ്പുഴ ജില്ലാതല പി.എസ്.സി ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കമോ; | (എ) | എൽ.ഡി.സി. റാങ്ക് ലിസ്റ്റ് 31.03.2015 നും, വി.ഇ.ഒ. റാങ്ക് ലിസ്റ്റ് 25.07.2016 നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെയാണ് നിയമിച്ചതെന്നും ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും അറിയിക്കാമോ; | (ബി) | എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും 287 പേർക്കും, വി.ഇ.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും 58 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് പട്ടികയുടെ കാലാവധി കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷവും ആയിരിക്കും. ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് പുതിയ ഒരു റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന പക്ഷം പഴയ പട്ടിക റദ്ദാകുന്നതാണ്. |
| (സി) | വിവിധ വകുപ്പുകളിലെ എൽ.ഡി.സി ഒഴിവുകളും എൽ.എസ്.ജി.ഡിയിലെ വി.ഇ.ഒ.ഒഴിവുകളും അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിനും പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കാൻ അവസരമൊരുക്കുന്നതിനും നിർദ്ദേശം നൽകുമോ? | (സി) | വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ് വെയർ VARAM(Vacancy Arising Reporting and |

| | | | |
|---|---|---|---|
| | | | Monitoring system) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ് വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28.02.2017 ന മുമ്പ് വകുപ്പുതല പ്രമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**